(സി) മേൽപ്പറഞ്ഞ തീരുമാനം പുനഃപരിശോധിച്ച് വ്യാവസായിക സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന സ്റ്റൈപ്പന്ററി സീറ്റുകൾ നിലനിർത്തുന്നതിനും സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ മാനേജ്മെന്റുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ ഈ വർഷത്തേയ്ക്ക് മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി)&(സി) പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടില്ല. മാറ്റം വരുത്തിയതിന്റെ ഫലമായി കൂടുതൽ സ്ഥാപനങ്ങളിലെ കുട്ടികളെ ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതിനാൽ തീരുമാനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നില്ല. സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**2 (146) ഭൂമി വാങ്ങാൻ സാമ്പത്തികസഹായം**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര ഭൂരഹിത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്;

(ബി) കൊയിലാണ്ടി താലൂക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസിൽ നിന്നും മേൽപ്പറഞ്ഞ പദ്ധതിപ്രകാരം കഴിഞ്ഞ 3 വർഷക്കാലം എത്ര കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ സാമ്പത്തികസഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇവിടെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ കഴിഞ്ഞവർഷം ധനസഹായം നൽകിയിട്ടില്ല. പട്ടികജാതിക്കാരെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കൊയിലാണ്ടി താലൂക്കിലെ പട്ടികവർഗ്ഗക്കാർക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഭൂമി വാങ്ങുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ധനസഹായമൊന്നും നൽകിയിട്ടില്ല. പട്ടികജാതിക്കാരെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

**3 (147) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് അനുവദിച്ച തുക**

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനു വേണ്ടി 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയെത്ര;

(ബി) ഇതിൽ എന്തു തുകവീതം ചെലവഴിച്ചുവെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly